**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3393** — **01-03-2023 - ൽ മറുപടിയ്ക്ക്**

**റവന്യൂ വകുപ്പ് ഓഫീസുകളിലെ സേവനം കാര്യക്ഷമമായി ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോന്നി താലൂക്ക് ഓഫീസിനെ സംബന്ധിച്ച പരാതി സ്ഥലം എം.എൽ.എ. മാധ്യമങ്ങളിലൂടെ പൊതുസമൂഹത്തെയും വകുപ്പ് മന്ത്രിയെയും ബോധ്യപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ റവന്യൂ വകുപ്പിന് കീഴിലുള്ള ഓഫീസുകളിലെ സേവനം കാര്യക്ഷമമായി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ടി വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ ആയത് സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പത്തനംതിട്ട ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ആയതിൻ പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയുമാണ്. റിപ്പോർട്ടിന്മേൽ ഉചിതമായ തീരുമാനം കൈകൊള്ളുന്നതാണ്. |
| (ബി) | പൊതുജനങ്ങൾ നിരന്തരം ആശ്രയിക്കുന്ന റവന്യൂ വകുപ്പിൽ നിന്നും നൽകേണ്ട സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുവാൻ കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | റവന്യൂ വകുപ്പിന് കീഴിലുള്ള ഓഫീസുകളിലെ സേവനം കാര്യക്ഷമമായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും വകുപ്പിൽ സമഗ്രമായ പരിഷ്കരണം ലക്ഷ്യമാക്കിക്കൊണ്ടും വിഷൻ ആന്റ് മിഷൻ 2021-26 എന്ന പദ്ധതി ആവിഷ്കരിച്ച് നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്. ജനോപകാരപ്രദമായ രീതിയിൽ ദ്രുതഗതിയിൽ ഫയൽ തീർപ്പാക്കലാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. വിഷൻ ആന്റ് മിഷൻ പദ്ധതിയുടെ ഭാഗമായി റവന്യൂ ഓഫീസുകളുടെ, പ്രധാനമായും വില്ലേജ് ഓഫീസുകളുടെ, അടിസ്ഥാന സൗകര്യവികസനം നടപ്പിലാക്കി വരുന്നു. കൂടാതെ സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും ഐ.ടി മിഷന്റെ സഹകരണത്തോടു കൂടി അതിവേഗ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പൊതുജനങ്ങൾക്ക് ഇ-ഗവർണൻസ് സേവനങ്ങൾ താമസം കൂടാതെ ലഭ്യമാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകൾക്കും ഡെസ്ക്ടോപ്പ്, ലാപ്ടോപ്പ്, പ്രിന്റർ, സ്കാനർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.<br><br>റവന്യൂ വകുപ്പിന് കീഴിൽ വരുന്ന വില്ലേജ് ഓഫീസ് ഉൾപ്പെടെയുള്ള എല്ലാ ഓഫീസ് സംവിധാനങ്ങളുടെയും ആധുനീകരണത്തിനും വിവിധ |

ഓഫീസ് സേവനങ്ങൾ ആവശ്യക്കാർക്ക് പരമാവധി വേഗത്തിൽ സുതാര്യമായി സേവനങ്ങൾ ലഭിക്കുന്നതിനും പരമാവധി സേവനങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലാക്കി ഇ-ഗവർണൻസ് സംവിധാനത്തിലൂടെ നൽകുന്നതിന് ആവശ്യമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. റവന്യൂ വകുപ്പ് മുഖേന നൽകുന്ന സേവനങ്ങളെക്കുറിച്ചും അവ ലഭ്യമാക്കുന്നതിന് സമർപ്പിക്കേണ്ട രേഖകളെക്കുറിച്ചും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്നതാണ് സേവനങ്ങൾ സുതാര്യമാക്കാനുള്ള മാർഗ്ഗങ്ങളിൽ ഒന്ന് എന്ന് തിരിച്ചറിഞ്ഞ് റവന്യൂ സംബന്ധമായ വിഷയങ്ങളിൽ പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള ചെറുവിവരണങ്ങൾ, വീഡിയോകൾ എന്നിവ സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നതിനായി റവന്യൂ വകുപ്പിന്റെ വിദ്യാഭ്യാസ കേന്ദ്രമായ ഐഎൽഡിഎം ആസ്ഥാനമാക്കി ഒരു റവന്യൂ ഇൻഫർമേഷൻ ബ്യൂറോ ആരംഭിച്ചിട്ടുണ്ട്. റവന്യൂ വകുപ്പിലെ ഇ-സേവനങ്ങൾ സാധാരണക്കാരായ ആളുകൾക്ക് സ്വന്തം ഡിജിറ്റൽ ഡിവൈസിലൂടെ നേരിട്ട് ചെയ്യാൻ പര്യാപ്തമാക്കും വിധം റവന്യൂ ഇ-സാക്ഷരത നടപ്പിലാക്കാൻ ആലോചിച്ചു വരുന്നു.

റവന്യൂ വകുപ്പിൽ നിന്നും പൊതുജനങ്ങൾക്ക് സമയബന്ധിതമായി വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി 16 ഇന പദ്ധതികൾ വകുപ്പ് ഫലപ്രദമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുമുണ്ട്.

1. ഇ-ഡിസ്ട്രിക്ട്
2. ആർ.ആർ. ഓൺലൈൻ
3, സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation)
4. റവന്യൂ ഇ-പെയ്മെന്റ്
5. റിലീഫ് (സമഗ്ര ദുരന്ത മാനേജ്മെന്റ് സംവിധാനം)
6. റവന്യൂ മിത്രം
7. റവന്യൂ ഇ-സർവീസസ് മൊബൈൽ ആപ്ലിക്കേഷൻ
8. തണ്ടപ്പേർ പകർപ്പ് ഓൺലൈൻ
9. ലൊക്കേഷൻ മാപ്പ് ഓൺലൈൻ
10. FMB ഓൺലൈൻ
11. വില്ലേജ് വെബ് സൈറ്റ്
12. കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം
13. കോവിഡ് എക്സ്ഗ്രേഷ്യ നഷ്ടപരിഹാര പോർട്ടൽ
14. ഭൂമി തരം മാറ്റം ഓൺലൈൻ
15. ക്യാൻസർ, ക്ഷയ, കുഷ്ഠ രോഗ പെൻഷൻ
16. എൻഡോസൾഫാൻ വിക്ടിം ധനസഹായ പോർട്ടൽ.

| | | | |
|---|---|---|---|
| | | | വകുപ്പ് നൽകിവരുന്ന ഡിജിറ്റൽ സേവനങ്ങൾ സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

## ഡിജിറ്റൽ സേവനങ്ങൾ സംബന്ധിച്ച വിശദ വിവരങ്ങൾ

**1. ഇ-ഡിസ്ട്രിക്ട്:** വില്ലേജ് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് ആവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. ഇതു വഴി പൊതു ജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ വരാതെ തന്നെ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നു.

**2. ആർ.ആർ.ഓൺലൈൻ:** റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന പദ്ധതിയായാണ് ഇത് ആവിഷ്കരിച്ചിട്ടുള്ളത്. കളക്ടറേറ്റ്, താലൂക്ക്, വില്ലേജ് തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ലോഗ് ഇൻ ചെയ്ത് ഏതെങ്കിലും ഒരു കേസിന്റെ വിവരം വളരെ എളുപ്പത്തിൽ കണ്ടെത്തുന്നതിന് ഈ പദ്ധതി വളരെയേറെ സഹായകമാണ്.

**3. സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation):** ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

**4. റവന്യൂ ഇ-പെയ്മെന്റ്:** സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പെയ്മെന്റുകളും ഓൺലൈൻ വഴിയും വില്ലേജ് ഓഫീസുകളിൽ നേരിട്ടും ഒടുക്കുന്നതിനുള്ള ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**5. റിലീഫ് (സമഗ്ര ദുരന്ത മാനേജ്മെന്റ് സംവിധാനം):** ദുരന്ത ബാധിതരായ ജനങ്ങൾക്ക് അനുവദിക്കുന്ന അടിയന്തിര ധനസഹായം, ഭവന നാശം സംഭവിച്ചതിനുള്ള നഷ്ടപരിഹാരം എന്നിവ ലഭ്യമാക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം. ജനങ്ങളിൽ നിന്നും സ്വീകരിക്കുന്ന അപേക്ഷകൾ വില്ലേജ് ഓഫീസ് മുഖാന്തിരം ഓൺലൈൻ ആയി പ്രോസസ്സ് ചെയ്യുവാനും നഷ്ടപരിഹാര തുക ഡയറക്റ്റ് ബെനിഫിഷ്യറി ട്രാൻസ്ഫർ സംവിധാനം മുഖേന നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുന്നതിനും ഈ സംവിധാനത്തിലൂടെ സാധിക്കുന്നു.

**6. റവന്യൂ മിത്രം:** റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന എല്ലാത്തരം പരാതികളും വകുപ്പ് മന്ത്രിയ്ക്ക് നൽകുന്നത് ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുക എന്നതാണ് റവന്യൂ മിത്രം എന്നത് കൊണ്ടുദ്ദേശിക്കുന്നത്.

**7. റവന്യൂ ഇ-സർവീസസ് മൊബൈൽ ആപ്ലിക്കേഷൻ:** റവന്യൂ ഇ-സർവീസസ് മൊബൈൽ ആപ്ലിക്കേഷനിലൂടെ പൊതുജനങ്ങൾക്ക് ഭൂനികുതി,

ഓഫ് ലൈൻ പോക്കുവരവ്, ഭൂരേഖകളുടെ നാളതീകരണത്തിനുമുള്ള അപേക്ഷകൾ എന്നിവ നൽകാവുന്നതാണ്. ഭൂമിയുടെ കൈവശാവകാശം സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുന്നതിനുള്ള ലാൻഡ് ഇൻഫോർമേഷൻ സിസ്റ്റവും റവന്യൂ ഇ-സർവീസസ് മൊബൈൽ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**8. തണ്ടപ്പേർ പകർപ്പ് ഓൺലൈൻ:** വില്ലേജ് ഓഫീസുകൾ വഴി വിതരണം ചെയ്യുന്ന തണ്ടപ്പേർ പകർപ്പ് ഡിജിറ്റലായി സാക്ഷ്യപ്പെടുത്തി ഭൂവുടമകൾക്ക് വിതരണം ചെയ്യുന്നതിനുള്ള മൊഡ്യൂൾ. പൊതു ജനങ്ങൾക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുവാനും ഫീസ് അടയ്ക്കുവാനും ഡിജിറ്റലായി സാക്ഷ്യപ്പെടുത്തിയ തണ്ടപ്പേർ പകർപ്പ് ഡൗൺലോഡ് ചെയ്തെടുക്കുവാനും സാധിക്കും.

**9. ലൊക്കേഷൻ മാപ്പ് ഓൺലൈൻ:** വില്ലേജ് ഓഫീസുകൾ വഴി വിതരണം ചെയ്യുന്ന ലൊക്കേഷൻ സർട്ടിഫിക്കറ്റുകൾ ReLIS-മായി സംയോജിപ്പിച്ച് ഡിജിറ്റലായി സാക്ഷ്യപ്പെടുത്തി ഭൂവുടമകൾക്ക് വിതരണം ചെയ്യുന്നതിനുള്ള മൊഡ്യൂൾ. പൊതുജനങ്ങൾക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുവാനും ഫീസ് അടയ്ക്കുവാനും ലൊക്കേഷൻ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്തെടുക്കുവാനും സാധിക്കും.

**10. FMB ഓൺലൈൻ:** ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കിയ വില്ലേജ് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് FMB പകർപ്പ് ഓൺലൈൻ ആയി അപേക്ഷിച്ച് ഡൗൺലോഡ് ചെയ്തെടുക്കുവാൻ കഴിയുന്ന മൊഡ്യൂൾ.

**11. വില്ലേജ് വെബ് സൈറ്റ്:** സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകൾക്കും പ്രത്യേകമായി വെബ് സൈറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. https://village.kerala.gov.in എന്ന വെബ്പോർട്ടൽ മുഖാന്തിരം സംസ്ഥാനത്തെ 1666 വില്ലേജ് ഓഫീസുകളുടെയും വെബ് സൈറ്റുകൾ പൊതുജനങ്ങൾക്ക് സന്ദർശിക്കുവാൻ കഴിയുന്നതാണ്. വില്ലേജിനെപറ്റിയുള്ള പൊതു വിവരങ്ങൾ, പ്രസ്തുത വില്ലേജിലെ ഭൂവിവരങ്ങൾ, വില്ലേജ് ഓഫീസുകളിൽ നിന്നും ലഭ്യമാകുന്ന സേവങ്ങൾ, റവന്യൂ വകുപ്പ് ലഭ്യമാക്കുന്ന ഡിജിറ്റൽ സേവനങ്ങൾ വിനിയോഗിക്കുന്നതിനുള്ള ഹൈപ്പർ ലിങ്കുകൾ, ടി വില്ലേജിലെ ജനസംഖ്യാപരവും ഭൂമിശാസ്ത്രപരവുമായ അടിസ്ഥാന സ്ഥിതി വിവര കണക്കുകൾ, ടി വില്ലേജിലെ പ്രധാന സ്ഥലങ്ങൾ തുടങ്ങിയവ വില്ലേജ് വെബ് സൈറ്റിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാണ്.

**12. കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം:** കേരള കെട്ടിട നികുതി നിയമം 1975 പ്രകാരം റവന്യൂ വകുപ്പ് മുഖേന പിരിച്ചെടുക്കുന്ന കെട്ടിട നികുതി, ആഡംബര നികുതി എന്നിവ സർക്കാർ വരുമാനത്തിന്റെ ഗണ്യമായ ഭാഗമാണ്. റവന്യൂ വകുപ്പിൽ കെട്ടിട നികുതി ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള വെബ് ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുള്ളതും പൊതുജനങ്ങൾക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുവാൻ കഴിയുന്നതുമാണ്.

**13. കോവിഡ് എക്സ്ഗ്രേഷ്യ നഷ്ടപരിഹാര പോർട്ടൽ:** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ രൂപീകരിച്ച മാർഗനിർദേശങ്ങൾ പ്രകാരം സംസ്ഥാനത്ത് കോവിഡ്-19 ബാധിച്ച് മരണപ്പെട്ട വ്യക്തിയുടെ കുടുംബത്തിന് എക്സ്ഗ്രേഷ്യ നഷ്ടപരിഹാരത്തിനായി അപേക്ഷ ജില്ലാ ദുരന്തനിവാരണ അതോറിറ്റി മുമ്പാകെ സമർപ്പിക്കുന്നതിനും എക്സ്ഗ്രേഷ്യ സഹായം ലഭ്യമാക്കുന്നതിനുമുള്ള സംവിധാനം. ഈ സംവിധാനം മുഖാന്തിരം 22/02/2023 തീയതിവരെ 324.52/- കോടി രൂപ

ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറ്റം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്.

**14. ഭൂമി തരം മാറ്റം ഓൺലൈൻ:** 2018-ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങൾ പ്രകാരം ഭൂമിയുടെ തരം മാറ്റുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിച്ച് ആവശ്യമായ നടപടികൾ ഓൺലൈനായി തന്നെ കൈകൊള്ളുന്നതിനുള്ള സംവിധാനം തയ്യാറാക്കിയിട്ടുള്ളതും 10/01/2022 മുതൽ സംസ്ഥാന വ്യാപകമായി നടപ്പിലാക്കിയിട്ടുള്ളതുമാണ്. ഈ സംവിധാനത്തിലൂടെ ജനങ്ങൾക്ക് ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കുവാനും ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ ഓൺലൈനായി തന്നെ വില്ലേജ് ഓഫീസുകളിൽ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതുമാണ്.

**15. ക്യാൻസർ, ക്ഷയ, കുഷ്ഠ രോഗ പെൻഷൻ:** നിലവിൽ റവന്യൂ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന അഗതികളായ ക്യാൻസർ, ക്ഷയം, കുഷ്ഠം എന്നീ രോഗം ബാധിച്ചവർക്കുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ഓട്ടോമേറ്റ് ചെയ്ത് ഇ-ഗവർണൻസ് പ്ലാറ്റ് ഫോമിലൂടെ ലഭ്യമാക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം നടപ്പാക്കിയിട്ടുണ്ട്. ക്യാൻസർ, ക്ഷയം, കുഷ്ഠം എന്നിവയ്ക്കുള്ള അപേക്ഷകൾ പൊതുജനങ്ങൾക്ക് ഓൺലൈനായി സമർപ്പിക്കുന്നതിനും അപേക്ഷ വില്ലേജ്, താലൂക്ക് എന്നിവിടങ്ങളിൽ പ്രോസസ്സ് ചെയ്ത് ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി അപേക്ഷകന്റെ അക്കൗണ്ടിലേക്ക് ഡി.ബി.റ്റി ആയി പെൻഷൻ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

**16. എൻഡോസൾഫാൻ വിക്ടിം ധനസഹായ പോർട്ടൽ:** കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ധനസഹായം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സംവിധാനം. ഈ സംവിധാനം മുഖാന്തിരം 22/02/2023 തീയതിവരെ 216.8/- കോടി രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറ്റം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്.